# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5252 06.02.2014 -ൽ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി യുടെ ബാധ്യത ഏറ്റെടുക്കൽ**

**ചോദ്യം**

ശ്രീ. എളമരം കരീം :
" കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
" സാജു പോൾ :
" എം. ചന്ദ്രൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതിയ ബസ് വാങ്ങി നൽകൽ, കടഭാരം ലഘൂകരിക്കൽ, പലിശ, പെൻഷൻ ഏറ്റെടുക്കൽ, സൗജന്യ യാത്രാ ചെലവ് ഏറ്റെടുക്കൽ തുടങ്ങിയ പ്രശ്നങ്ങളിൽ, മറ്റ് സംസ്ഥാനങ്ങളുടെ നല്ല മാതൃകകൾ സ്വീകരിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സിയെ രക്ഷിക്കാൻ സർക്കാർ അനുകൂല തീരുമാനങ്ങൾ എടുക്കാൻ തയ്യാറാകുമോ ; കെ.എസ്.ആർ.ടി.സിയുടെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്ന മേൽപ്പറഞ്ഞ ഓരോ പ്രശ്നത്തിലും സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കുമോ ; | (എ) | കെ.എസ്.ആർ.ടി.സി.യെ നിലനിർത്തുന്നതിനും നിലവിലുള്ള പ്രശ്നങ്ങളിൽ നിന്നും സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കോർപ്പറേഷനെ രക്ഷിക്കുന്നതിനും സഹായകമായ തീരുമാനങ്ങളും നടപടികളുമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.<br>കെ.എസ്.ആർ.ടി.സി.യ്ക്ക് ഉചിതവും സാധ്യവുമായ സാമ്പത്തിക സഹായം സർക്കാർ നൽകി വരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതമായി പദ്ധതിയിനത്തിൽ 59 കോടി രൂപയും നോൺ-പ്ലാൻ വായ്പയായി 125 കോടി രൂപയും നൽകിയിട്ടുണ്ട്. വാഹനവ്യൂഹത്തിന്റെ നവീകരണത്തിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുമായാണ് പദ്ധതി വിഹിതത്തിൽ 35 കോടി രൂപ ചെലവഴിച്ചിട്ടുള്ളത്. കെ.എസ്.ആർ.ടി.സി കടഭാരം, പലിശ, പെൻഷൻ, സൗജന്യയാത്രാ ചെലവ് തുടങ്ങിയ പ്രശ്നങ്ങൾ മൂലം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് 200 കോടി രൂപ അധിക സാമ്പത്തിക സഹായമായി ഈ സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഗ്രാമീണ ജനങ്ങളുടെ യാത്ര ചെയ്യാനുള്ള അവകാശം മറന്നു കൊണ്ട്, നഷ്ടത്തിലോടുന്ന സർവ്വീസുകളെല്ലാം നിർത്തലാക്കി ക്കൊണ്ടിരിക്കുന്ന നിലപാട് തിരു ത്തുമോ ; വിശദമാക്കുമോ ? | (ബി) | കെ.എസ്.ആർ.ടി.സി വരുമാന നഷ്ടത്തി ന്റെ പേരിൽ സർവ്വീസുകളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല. എന്നാൽ വരുമാന ക്കുറവുള്ള സർവ്വീസുകൾ മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിലേക്കായി പുനഃക്രമീകരിക്കാറുണ്ട്. അത്തരത്തിൽ ചെയ്യുമ്പോഴും ലാഭകരമല്ലെങ്കിൽ പോലും ഗ്രാമീണ മേഖലയിലെ ഒറ്റപ്പെട്ട സർവ്വീസു കൾ ഒഴിവാക്കാറില്ല. |

സെക്ഷൻ ഓഫീസർ